സ്കൂൾ അപ്ഗ്രഡേഷൻ

52(1106) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ തലത്തിലുള്ള എത്ര സ്കൂളുകൾ അപ്ഗ്രേഡ് ചെയ്തു ; ജില്ല തിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

വിവരം ശേഖരിച്ചു നൽകുന്നതാണ്.

താനൂർ നിയോജക മണ്ഡലത്തിൽ അസാപ്

53(1107) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എത്ര വിദ്യാലയങ്ങളിൽ അസാപ് (അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം) ആരംഭിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതെന്ന് അറിയിക്കുമോ;

(ഡി) താനൂർ നിയോജക മണ്ഡലത്തിലെ ഏതെല്ലാം വിദ്യാലയങ്ങളെയാണ് പ്രസ്തുത പദ്ധതിക്ക് കീഴിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഇ) താനൂർ മണ്ഡലത്തിലെ ശേഷിക്കുന്ന വിദ്യാലയങ്ങളെ കൂടി പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ 958 വിദ്യാലയങ്ങളിൽ (ഹയർ സെക്കണ്ടറി സ്കൂളുകളും കോളേജുകളും ഉൾപ്പെടെ) 2015-16 വർഷത്തിൽ ' അസാപ് ' പദ്ധതി നടപ്പിലാക്കപ്പെടുന്നു. ജില്ല തിരിച്ചുള്ള പട്ടിക താഴെ കൊടുക്കുന്നു :

തിരുവനന്തപുരം	:	84
കൊല്ലം	:	78
ആലപ്പുഴ	:	64
പത്തനംതിട്ട	:	34

LIBRARY ARCHIVES Kerala Legislative Assembly

കോട്ടയം	:	59
ഇടുക്കി	:	36
എറണാകുളം	:	70
തൃശ്ശൂർ	:	58
പാലക്കാട്	:	87
മലപ്പുറം	:	102
കോഴിക്കോട്	:	100
കണ്ണൂർ	:	105
വയനാട്	:	41
കാസർഗോഡ്	:	40

(ബി) ഹയർ സെക്കണ്ടറി, ബിരുദ വിദ്യാർത്ഥികൾക്ക് റഗുലർ പഠനത്തൊടൊപ്പം താല്പര്യമുള്ള തൊഴിൽ മേഖലകളിൽ പരിശീലനം നൽകി അവരുടെ തൊഴിൽ ക്ഷമത വർദ്ധിപ്പിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. പദ്ധതിയുടെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾക്ക് കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ്, വിവര സാങ്കേതിക വിദ്യ, ഇഷ്ടമുള്ള ഒരു തൊഴിൽ മേഖല എന്നിവയിൽ വിവിധ പരിശീലന സ്ഥാപനങ്ങൾ (TSP) ട്രെയിനിംഗ് നൽകി വരുന്നു. ഇതിനകം 958 വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾ ഈ പദ്ധതിയിൽ ഭാഗമായിട്ടുണ്ട്.

(സി) സംസ്ഥാന സർക്കാർ, കേന്ദ്ര സർക്കാരിന്റെ ഇലക്ട്രോണിക്സ് വകുപ്പ്, ഏഷ്യൻ ഡവലപ്മെന്റ് ബാങ്ക് എന്നീ ഏജൻസികളുടെ സഹായത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്.

(ഡി) താനൂർ നിയോജകമണ്ഡലത്തിലെ ജി.എച്ച്.എസ്സ്.എസ്സ് നിറമരുതൂർ സി.പി.പി.എച്ച്.എം, എച്ച്.എസ്സ്.എസ്സ്. വെള്ളച്ചൽ, ഒഴൂർ, ദേവധർ ജി.എച്ച്.എസ്സ്.എസ്സ്., താനൂർ, ജി.എച്ച്.എസ്സ്.എസ്സ്. ചെറിയമുണ്ടം എന്നിവിടങ്ങളിലാണ് അസാപ് പരിശീലനം നടത്തുന്നത്.

(ഇ) പരിഗണിക്കാവുന്നതാണ്. സർക്കാർ, എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകൾ, ആർട്സ്&സയൻസ് കോളേജുകൾ എന്നിവർക്ക് അടുത്ത അദ്ധ്യയന വർഷാരംഭത്തിൽ അസാപ് വെബ്സൈറ്റിൽ അപേക്ഷ സമർപ്പിക്കുന്നതിന് സൗകര്യം ഒരുക്കുന്നതാണ്. അടിസ്ഥാന സൗകര്യം, കമ്പ്യൂട്ടർ ലഭ്യത എന്നിവയുടെ ചില നിബന്ധനകൾക്ക് വിധേയമായി അസാപ് അനുയോജ്യതാപഠനം നടത്തുന്നതും സ്കൂളുകളിൽ പദ്ധതിയാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ്.

GPM. 2/239/2020-16

LIBRARY ARCHIVES Kerala Legislative Assembly